"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കോഴിക്കോട് ജില്ലയിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷൈജു വി -യുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1815/2026/LSGD തീയതി,തിരുവനന്തപുരം, 26-09-2026

---

പരാമർശം:-

1. കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ 19/06/2025 തിയതിയിലെ LSGD/JD/KKD/2633/2025/E7 K Dis നമ്പർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15/11/2025, 07/05/2026 തീയതികളിലെ LSGD/PD/34507/2025-DEF3 കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷൈജു വി യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. ശ്രീ. ഷൈജു വി-യ്ക്ക് 01.07.2017 മുതൽ 11.07.2017 വരെ കാലയളവിൽ 11 ദിവസവും 11.10.2017 മുതൽ 08.10.2018 വരെ 363 ദിവസവും ശൂന്യവേതനാവധി ഉൾപ്പെടെ 374 ദിവസങ്ങൾ നിരീക്ഷണകാലത്തിന് അയോഗ്യമായ കാലയളവ് ഉള്ളതിനാൽ, 08/12/2016 തീയതിയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. ഷൈജു വി യുടെ പ്രൊബേഷൻ കാലയളവ് ,ഒരു വർഷത്തേക്ക് അതായത് ടിയാന്റെ പ്രൊബേഷൻ കാലഘട്ടമായ ജോലിയിൽ പ്രവേശിച്ച് 1 വർഷം പൂർത്തിയാകുന്ന 07.12.2017 ന്റെ പിറ്റേ ദിവസം 08.12.2017 തീയതി പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് നിയമനാധികാരി പരാമർശം 1 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ടിയാളുടെ പ്രൊബേഷൻ കാലയളവ് 9 ദിവസത്തേക്ക് കൂടി ദീർഘിപ്പിച്ചു നൽകേണ്ടതുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08/12/2016 തീയതിയിൽ ഓഫീസ് അറ്റൻഡന്റ് സേവനത്തിൽ പ്രവേശിച്ച കോഴിക്കോട് ജില്ലയിൽ ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ഷൈജു വി -യുടെ നിരീക്ഷണ കാലയളവ്, 17.12.2018 ൽ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ സാധിക്കും വിധം നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 08.12.2018 മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസം വരെ, അതായത് 18.12.2018 വരെ, KS&SSRs, Part II ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി,ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത്( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീ. ഷൈജു വി ,ഓഫീസ് അറ്റൻഡന്റ് , ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം .

കരുതൽ ഫയൽ/ഓഫീസ് കോപ്പി (EU3/67/2026-LSGD)

ഉത്തരവിൻ പ്രകാരം

Digitally signed by
Sonu Jacob
Date: 28-09-2026
11:16:40

സെക്ഷൻ ഓഫീസർ